Malankara Social Service Society

# Srothas Speaks

## മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റി വാർത്താ പത്രിക



പുസ്തകം 1 | ലക്കം 1 | 2023 മാർച്ച്

# യാത്രാ അയപ്പും, സ്വീകരണവും

മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന വിൻസെന്റ് കാരിക്കൽ ചാക്കോ അച്ചന് ഓഫീസ് സ്റ്റാഫ് അംഗങ്ങൾ 2023 ജനുവരി 23 ന് യാത്രാ അയപ്പ് നൽകുകയുണ്ടായി.

2023 ജനുവരി 30 ന് എം.എസ്സ്.എസ്സ്.എസ്സ് ന്റെ പുതിയ ഡയറക്ടറായ് നിയമിതനായ ബഹു. വർഗ്ഗീസ് കിഴക്കേകര അച്ചന് മുൻ ഡയറക്ടർ ബഹു. വിൻസെന്റ് കാരിക്കൽ ചാക്കോ അച്ചന്റെ നേതൃത്വത്തിൽ സ്വീകരണം നൽകുകയുണ്ടായി.

**സ്വീകരണം**



**Rev. Fr Varghese Kizhakkekara**

Executive Director & Secretary
MSSS

**യാത്രാ അയപ്പ്**



**Fr.Vincent Karikkal Chacko**

Former Executive Director & Secretary
MSSS

# ഓഫീസ് സ്റ്റാഫ് മീറ്റിംഗ്




എം.എസ്സ്.എസ്സ്.എസ്സ് ന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി റവ.ഫാ.വർഗ്ഗീസ് കിഴക്കേകര 30/01/2023 ന് ചാർജ്ജ് എടുക്കുകയും 31/01/2023 രാവിലെ 10.30 ന പ്രാരംഭ പ്രാർത്ഥനയോടു കൂടി സ്റ്റാഫ് മീറ്റിംഗ് കൂടുകയുണ്ടായി. ഈ മീറ്റിംഗിൽ ചീഫ് കോർഡിനേറ്റർ റോഷിൻ എ സാം ഏവർക്കും സ്വാഗതം ആശംസിച്ചു. പുതിയ ഡയറക്ടർ അച്ചനെ സ്റ്റാഫ് സെക്രട്ടറി ശ്രീ ബൈജു ബൊക്ക നൽകി സ്വാഗതം ചെയ്തു. ഈ മീറ്റിംഗിൽ ഓരോ സ്റ്റാഫ് അംഗങ്ങളും പരിചയപ്പെടുത്തുകയും തങ്ങളുടെ ഓഫീസ് ചുമതലകളെകുറിച്ച് വിവരിക്കുകയും ചെയ്തു. മീറ്റിംഗിൽ ഡയറക്ടർ ഓഫീസ് പ്രവർത്തനങ്ങളെകുറിച്ച് മനസ്സിലാക്കുകയും, ചില നിർദ്ദേശങ്ങളും, തീരുമാനങ്ങളും അറിയിക്കുകയുണ്ടായി. നമ്മുടെ പ്രവർത്തനങ്ങൾ ടീം വർക്കായിരിക്കണം. നമ്മൾ ചെയ്യുന്ന ചെറിയ ഒരു പ്രോഗ്രാമായാലും അത് ഡോക്യുമെന്റ് ആക്കണം. എം.എസ്സ്.എസ്സ്.എസ്സ് ന്റെ സോഷ്യൽ മീഡിയ സജീവമാക്കേണ്ടതിന്റെ ആവശ്യകതയെപറ്റി ഡയറക്ടർ പറയുകയുണ്ടായി. മീറ്റിംഗിൽ 12 സ്റ്റാഫ് അംഗങ്ങൾ പങ്കെടുക്കുകയും ഫിനാൻസ് ഓഫീസർ സിസ്റ്റർ മരിയ ഗൊരേത്തിയുടെ ഉപസംഹാര പ്രാർത്ഥനയോടു കൂടി മീറ്റിംഗ് സമാപിച്ചു.

# പൊതു സ്റ്റാഫ് മീറ്റിംഗ്





2023 ഫെബ്രുവരി 3 ന് എം.എസ്സ്.എസ്സ്.എസ്സ് ന്റെ ഡയറക്ടറായ ബഹു.വർഗ്ഗീസ് കിഴക്കേകരയുടെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തപ്പെട്ടു. മീറ്റിംഗിൽ സ്റ്റാഫ് അംഗങ്ങളെ പരിചയപ്പെടുകയും നിലവിൽ ഓഫീസ് തലത്തിലും, ഫീൽഡ് തലത്തിലുമുള്ള പ്രവർത്തനങ്ങളെകുറിച്ച് മനസ്സിലാക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മീറ്റിംഗിൽ 25 പേർ പങ്കെടുത്തു.

# World Cancer Day ദിനാചരണം

World Cancer Day ആയ 2023 ഫെബ്രുവരി 4 ന് യുവകേരളം കുട്ടികൾ വിവധതരം കാൻസറിനെകുറിച്ചുള്ള അവബോധന പ്രസന്റേഷൻ, കാൻസർ പ്രതിരോധ ചാർട്ട്/ പോസ്റ്റർ പ്രസന്റേഷനും നടത്തി. ദിനാചരണത്തിൽ കുട്ടികൾ കാൻസറിന് കാരണമാകുന്ന വസ്തുക്കൽ ഉപയോഗിക്കില്ലെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.



# Charis Migration Project Medical & Awareness Class

2023 ഫെബ്രുവരി 8 ന് ചാത്തന്നൂർ വച്ച് വൈകന്നേരം 6 മണിക്ക് അതിഥിതൊഴിലാളികൾക്കായി മെഡിക്കൽക്യാമ്പും ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. 196 അതിഥിതൊഴിലാളികൾ പങ്കെടുത്തു. ചാരിസ് പ്രോജക്ട് കോർഡിനേറ്റർ ശ്രീ സിജോ വി എസ് ഏവർക്കും സ്വാഗതം ആശംസിക്കുകയും, എക്സൈസ് ഓഫീസർ ശ്രീ സോണി ബോധവൽക്കരണ ക്ലാസുകൾക്ക് നേതൃത്വം നൽകുകയും, Dr. നിഥിൻ. A. MBBS മെഡിക്കൽ ക്യാമ്പുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.





# DDU -GKY Project- SRLM Meeting




ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ Training Doubt clearence മീറ്റിംഗ് 2023 ഫെബ്രുവരി 10, 21 തീയതികളിൽ കുടുംബശ്രീ മൈഗ്രേഷൻ സപ്പോർട്ട് സെന്ററിൽ വച്ച് നടത്തപ്പെട്ടു. എം.എസ്സ്.എസ്സ്.എസ്സ് ൽ നിന്നും ഡി.ഡി.യു.ജി.കെ.വൈ സെന്റർ ഹെഡ് ശ്രീമതി ഷൈമ എസ്.കെ, എം.ഐ.എസ് ഹെഡ് നീതു എസ് ജയൻ എന്നിവർ പങ്കെടുത്തു.

# സേവ് എ ഫാമിലി പ്ലാൻ (SAFP) - Orientation Meeting



2023 ഫെബ്രുവരി 10 ന് അഞ്ചൽ, നെടുമങ്ങാട് മേഖലയിലുള്ളവർക്ക് ഓറിയന്റേഷൻ മീറ്റിംഗ് എം.എസ്സ്.എസ്സ്.എസ്സ് ൽ വച്ച് നടത്തപ്പെട്ടു. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ ഫാ.വർഗ്ഗീസ് കിഴക്കേകര ഫണ്ടിംഗിനെ കുറിച്ചും അവരുടെ പ്രവർത്തനങ്ങളെകുറിച്ചും വിലയിരുത്തൽ നടത്തി. മീറ്റിംഗിൽ 30 പേർ പങ്കെടുത്തു. കോർഡിനേറ്റർ കുമാരി രാഖി ആർ ജെ നേതൃത്വം നൽകി.

# സെൻസ് ഇന്റർ നാഷണൽ ഇന്ത്യാ പ്രോജക്ട് - NGO സന്ദർശനം

പോണ്ടിച്ചേരി ആസ്ഥാനമായിട്ടുള്ള സത്യാ സ്പെഷ്യൽ സ്കൂൾ ശൃംഖല ഡയറക്ടർ ശ്രീമതി ചിത്ര ഷാ അസീം പ്രേംജി ഫൗണ്ടേഷനുമായി ബന്ധപ്പെട്ട് 2023 ഫെബ്രുവരി 11ന് എംഎസ്എസ് എസ് സന്ദർശിച്ചു. എം.എസ്സ്.എസ്സ്.എസ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. വർഗീസ് കിഴക്കേക്കര, സ്പർശ് പ്രോജക്ട് കോർഡിനേറ്റർ അർജ്ജുൻ പി ജോർജ്



എന്നിവർ ചേർന്ന് സ്വീകരിച്ചു.ഡയറക്ടറുമായും സ്പർശ് ടീമുമായി വിശദമായ ചർച്ചകൾ നടത്തി. എം.എസ്സ്.എസ്സ്.എസ്സ് ലെ സ്പർശ് സെന്റർ സന്ദർശിച്ച് തുടർന്നുള്ള പ്രവർത്തനങ്ങളിൽ സഹായസഹകരണങ്ങൾ നൽകുമെന്ന് ഉറപ്പുനൽകുകയും ചെയ്തു.

# സേവ് എ ഫാമിലി പ്ലാൻ (SAFP) - മോണിറ്ററിംഗ് ആന്റ് ഇവാല്വേഷ്യൻ മീറ്റിംഗ്



സേവ് ഏ ഫാമിലി പ്ലാനിന്റെ ഭാഗമായിപ്രോഗ്രാം ഓഫീസർ ശ്രീ.ആൾട്ടോ ആന്റണി NGO മോണിറ്ററിംഗ് വിസിറ്റും കുടുംബപ്രവർത്തന വിലയിരുതത്തലും 2023 ഫെബ്രുവരി 16,17,18 തീയതികളിൽ നടത്തപ്പെട്ടു. മൂന്ന് ദിവസങ്ങളിലായി നടന്ന പ്രോഗ്രാമിൽ രണ്ട് ദിവസം ഭവന സന്ദർശനവും അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തലും ആയിരുന്നു. മൂന്നാം ദിവസം എം.എസ്സ്.എസ്സ്.എസ്സ്. ൽ വച്ച്

ശ്രീ ആൾട്ടോ ആന്റണി രണ്ട് ക്ലസ്റ്ററിലുള്ള ഫാമിലിയുമായി മീറ്റിംഗ് നടത്തി. തുടർന്ന് എം.എസ്സ്.എസ്സ്.എസ്സ് ഡയറക്ടർ ഫാ.വർഗ്ഗീസ് കിഴക്കേകര, കോർഡിനേറ്റർ കുമാരി രാഖിയുമായി വിലയിരുത്തൽ ചർച്ച നടത്തുകയും ചെയതു.

# NGO സന്ദർശനം






2023 ഫെബ്രുവരി 18 ന് കൊല്ലം ജില്ലയിലെ Don Bosco കോളേജിലെ സോഷ്യൽവർക്ക് വിഭാഗ ത്തിലെ 33 വിദ്യാർത്ഥികളും, ഫെബ്രുവരി 21 ന് പാലാ ചെറുപുങ്കൽ Bishop Vayalil Memorial Holy Cross കോളേജിലെ 32 വിദ്യാർത്ഥികളും എം.എസ്സ്.എസ്സ്. എസ്സ് സന്ദർശിക്കുകയും ഡയറക്ടർ വർഗ്ഗീസ് കിഴ ക്കേകര എം.എസ്സ്.എസ്സ്.എസ്സ് ന്റെ പ്രവർത്തനങ്ങ ളെകുറിച്ച് ക്ലാസെടുക്കുകയും ചെയ്തു.

# CHAI -Misereor Covid-19 Emergency Response Programme




Catholic Health Association of India യുടെ സഹായത്തോടെ കോവിഡ് – 19 ന്റെ ഭാഗമായി ഭിന്നശേഷി കുട്ടികൾക്കും യുവാക്കൾക്കും നൽകുന്ന HYGINE Kit ന്റെ വിതരണം നടന്നു കൊണ്ടിരിക്കുന്നു. എം.എസ്സ്.എസ്സ്.എസ്സ് ചീഫ് കോർഡിനേറ്റർ റോഷിൻ എ സാം നേതൃത്വം നൽകുന്നു.

# സജീവം പ്രോജക്ട് - ലഹരി വിരുദ്ധ ബോധവല്ക്കരണ ട്രെയിനിംഗ് പ്രോഗ്രാം




കാരിത്താസ് ഇന്ത്യയും കേരള സോഷ്യൽ സർവ്വീസ് ഫോറവും ചേർന്ന് കേരളത്തിലെ 32 സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ ക്യാമ്പെയ്ൻ ആണ് 'സജീവം'. 2023 ഫെബ്രുവരി 23 ന് കോട്ടയം ആമോസ് സെന്ററിൽ വച്ച് സജീവം പ്രോജക്ട് കോർഡിനേറ്റർമാർക്കുള്ള ട്രെയിനിംഗ് നടത്തപ്പെട്ടു. എം.എസ്സ്.എസ്സ്.എസ്സ്. ലെ സജീവം പ്രോജക്ട് കോർഡിനേറ്റർ ശ്രീ ബൈജു രാജു പങ്കെടുത്തു.

## Leaders Training Programme







2023 ഫെബ്രുവരി 27 ന് മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി സംഘടിപ്പിച്ച ലീഡേഴ്സ് ട്രെയിനിംഗിൽ സിനഡൽ കമ്മീഷൻ സെക്രട്ടറി യും പാറശ്ശാല ക്ഷേമയുടെ ഡയറക്ടറുമായ ബഹുമാനപ്പെട്ട ഫാ.ജോർജ്ജ് വെട്ടിക്കാട്ടിൽ, എം.എസ്സ്.എസ്സ്.എസ്സ് ഡയറക്ടർ ഫാ. വർഗ്ഗീസ് കിഴക്കേകര, മുൻ എം.എസ്സ്.എസ്സ്.എസ്സ് ഡയറ ക്ടർമാരായ ആയ ബഹുമാനപ്പെട്ട ഫാ. ബോവസ് മാത്യു, ബഹുമാനപ്പെട്ട തോമസ് മുകളും പുറത്ത്, നമ്മുടെ അതിരൂപതയിലെ വൈദികജില്ലകളിൽ നിന്നും 8 വൈദികർ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

## Staff Training Programme



മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി സംഘടിപ്പിച്ച സ്റ്റാഫ് ട്രെയിനിംഗ് പ്രോഗ്രാം 2023 ഫെബ്രുവരി 27,28 തീയതികളിൽ എം.എസ്സ്.എസ്സ്. എസ്സ്.ൽ വച്ച് നടത്തപ്പെട്ടു. ശ്രീ സിബി ജോർജ്ജ് ക്ലാസ് നയിച്ചു.

## SAFP കുടുംബ സഹായ പദ്ധതി - തിരുവനന്തപുരം, അഞ്ചൽ, നെടുമങ്ങാട്




2023 ഫെബ്രുവരിയിൽ SAFP കുടുംബ സഹായ പദ്ധതിയിൽ നിന്നും തൊഴിൽ പദ്ധതിയ്ക്ക് വേണ്ടി തിരുവനന്തപുരം, അഞ്ചൽ, നെടുമങ്ങാട് മേഖലയിലെ 40 കുടുംബങ്ങൾക്ക് 6,11,994/ രൂപ ധനസഹായം നൽകി.

## മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വീൽച്ചെയർ വിതരണം





മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി വീൽ ചെയർ ദിനം 2023 മാർച്ച് 1 ന് ആചരിച്ചു. വീൽചെയർ വിതരണം എം.എൽ.എ വി.കെ.പ്രശാന്ത് ഉദ്ഘാടനം നിർവ്വഹിച്ചു. സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.വർഗ്ഗീസ് കിഴക്കേക്കര അധ്യക്ഷത വഹിച്ചു. ചീഫ് കോർഡിനേറ്റർ റോഷിൻ എ സാം, ഫിനാൻസ് അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ.മരി, ഗൊരെത്തി, സ്പർശ് പ്രോജക്ട് കോർഡിനേറ്റർ അർജ്ജുൻ പി ജോർജ്, ഡോ.സാജൻ വി എഡിസൺ, ബൈജു, കെസിയ സാജു, ജീന ആൻ ജേക്കബ്, ലിയ ട്രീസ തുടങ്ങിയവർ പ്രസംഗിച്ചു.

## CHAI -Misereor Covid-19 Emergency Response Programme



Catholic Health Association of India യുടെ സഹായത്തോടെ കോവിഡ് – 19 ന്റെ ഭാഗമായി ഭിന്നശേഷി കുട്ടികൾക്കും യുവാക്കൾക്കും നൽകുന്ന HYGINE Kit ന്റെ വിതരണം 2023 മാർച്ച് 3 ന് ജയമാതാ ഓർഫനേജിലെ 75 കുട്ടികൾക്ക് എം.എസ്സ്. എസ്സ്.എസ്സ് ഡയറക്ടർ ഫാ.വർഗ്ഗീസ് കിഴക്കേക്കരയുടെ സാന്നിധ്യത്തിൽ HYGINE Kit വിതരണം ചെയ്തു. ചീഫ് കോർഡിനേറ്റർ റോഷിൻ എ സാം, ഫിനാൻസ് ഓഫീസർ സിസ്റ്റർ മരിയ ഗൊരേത്തി, MSW ട്രെയിനിംഗ് വിദ്യാർത്ഥികളായ അന്ന, വാണി എന്നിവർ പങ്കെടുത്തു.

## സ്പർശ് പ്രോജക്ട് - വിനോദ യാത്ര






2023 മാർച്ച് 4ന് സ്പർശ് പ്രോജക്ടിലെ തിരുവനന്തപുരം, കന്യാകുമാരിജില്ലയിലെ കുട്ടികൾക്കും, സ്റ്റാഫ് അംഗങ്ങൾക്കുമായി തിരുവനന്തപുരം വേളി ചിൽഡ്രൻസ്പാർക്ക് കേന്ദ്രമാക്കിവിനോദയാത്ര സംഘടിപ്പിക്കുകയുണ്ടായി. എം.എസ്സ്.എസ്സ്.എസ്സ് ഡയറക്ടർ ഫാ.വർഗ്ഗീസ് കിഴക്കേക്കര, ഫിനാൻസ് ഓഫീസർ സിസ്റ്റർ.മരിയ ഗൊരേത്തി, ചീഫ് കോർഡിനേറ്റർ റോഷിൻ എ സാം എന്നിവർ വിനോദയാത്രയിൽ സന്നിഹിതരായിരുന്നു. സ്പർശ് പ്രോജക്ട് കോർഡി നേറ്റർ ശ്രീ അർജ്ജുൻ പി ജോർജ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## നിയുക്ത റമ്പാന് സ്വീകരണം






അത്യഭിവന്ദ്യ കാതോലിക്ക ബാവ തിരുമേനി റമ്പാൻ സ്ഥാനത്തേക്ക്പുതുതായി നിയോഗിച്ച പെരിയ. ബഹുമാനപ്പെട്ട ഫിലിപ്പ് ദയാനന്ദ് അച്ചന് മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, കാതോലിക്കേറ്റ് സെന്ററും, കത്തീഡ്രൽ ഇടവകയും ചേർന്ന് കാതോലിക്കേറ്റ് സെന്ററിൽ വച്ച് 2023 മാർച്ച് 10 ന് സ്വീകരണം നൽകി.

# National Conclave of Networks Meeting









2023 മാർച്ച് 13,14,15 തീയതികളിൽ ഡൽഹിയിലെ United Service Institution of India സെന്ററിൽ വച്ച് സെൻസ് ഇന്റർ നാഷണൽ ഇന്ത്യ സംഘടിപ്പിച്ച നാഷണൽ കോൺക്ലേവ് ഓഫ് നെറ്റ് വർക്കിൽ എം.എസ്സ്.എസ്സ്.എസ്സ് ൽ നിന്നും സ്പെഷ്യൽ എഡുകേറ്റേഴ്സ് ആയ ബൃന്ദ, അഖില, സ്പർശ് ഇന്റേൺ ജോൺ ബ്ലെസ്സിംഗ്, രക്ഷകർത്താവ് ഗീത എന്നിവർ പങ്കെടുത്തു.



# സ്പർശ് പ്രോജക്ട് - National Training for Head of Organization

2023 മാർച്ച് 14,15 തീയതികളിൽ ഡൽഹിയിലെ United Service Institution of India സെന്ററിൽ വച്ച് സെൻസ് ഇന്റർ നാഷണൽ ഇന്ത്യ സംഘടിപ്പിച്ച പാട്ണർ സംഘടന തലവൻമാരുടെ പരിശീലനത്തിൽ മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ.വർഗ്ഗീസ് കിഴക്കേകര പങ്കെടുത്തു. മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തി വരുന്ന സ്പർശ് പ്രോജക്ടിന്റെ പ്രവർത്തനവും മുന്നോട്ടുള്ള പദ്ധതിയും ഫാ.വർഗ്ഗീസ് കിഴക്കേകര അവിടെ വിശദീകരിച്ചു. ഇത് എം.എസ്സ്.എസ്സ്.എസ്സ് ന്റെ പ്രവർത്തനങ്ങൾ ദേശീയ തലത്തിൽ അവതരിപ്പിക്കാൻ കഴിഞ്ഞത് അഭിമാനകരമായ ഒരു ചുവട്‌വെപ്പായിരുന്നു.

# Sense International India onsite visit





സെൻസ് ഇന്റർ നാഷണൽ ഇന്ത്യ മാസ്റ്റർ ട്രെയിനർ ശ്രീനിവാസൻ പ്രസന്നൻ 2023 മാർച്ച് 20,21,22 തീയതികളിൽ എം.എസ്സ്.എസ്സ്.എസ്സ് സ്പർശ് പ്രോജക്ട് സന്ദർശിച്ചു. പ്രോജക്ടിലെ ഗുണഭോക്താക്കളെ സന്ദർശിച്ചു. അതിനു ശേഷം പ്രോജക്ട് സ്റ്റാഫിന് വേണ്ടി ഒരു ദിവസത്തെ ട്രെയിനിംഗും അദ്ദേഹം നടത്തി. സന്ദർശന വേളയിൽ പ്രോജക്ടിന്റെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

# സജീവം - ക്ലസ്റ്റർ മീറ്റിംഗ്




കാരിത്താസ് ഇന്ത്യയും കേരള സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി കേരളത്തിലെ 32 രൂപതകളിൽ നടന്ന ലഹരി ബോധവൽക്കരണ ക്യാബെയ്ൻ ആണ് സജീവം. 2023 മാർച്ച് 23 ന് ട്രിവാൻട്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വച്ച് സജീവം ക്ലസ്റ്റർ മീറ്റിംഗ് നടത്തുകയുണ്ടായി. എം.എസ്സ്.എസ്സ്.എസ്സ് ൽ നിന്നും ചീഫ് കോർഡിനേറ്റർ റോഷിൻ എ സാം, സജീവം പ്രോജക്ട് കോർഡിനേറ്റർ ബൈജു രാജു എന്നിവർ പങ്കെടുത്തു.

# SAFP കുടുംബ സഹായ പദ്ധതി - പോത്തൻകോട്, അഞ്ചൽ, നെടുമങ്ങാട്




2023 മാർച്ച് മാസം SAFP കുടുംബ സഹായ പദ്ധതിയിൽ നിന്നും തൊഴിൽ പദ്ധതിയ്ക്ക് വേണ്ടി പോത്തൻകോട്, അഞ്ചൽ, നെടുമങ്ങാട് മേഖലയിലെ 35 കുടുംബങ്ങൾക്ക് 4,31,982/ രൂപ ധനസഹായം നൽകി.

## Donate Now and Make a Difference

You can donate us for our
charitable and social causes.
Join us on a journey and see how your financial support
transforms the lives of marginalized people.


**You can donate every month or annually.**

Eligible donations are exempted under Section 80 G of the Income Tax Act, 1961

Bank Account Details (Local)
The Director Malankara Social Service Society
Bank Account Number: 0298-02767224-190001
Bank: CSB Bank, Pattom Branch
IFSC: CSBK0000298

Contact donor relation desk:
09946697764, 07012017473

# ഡി.ഡി.യു.ജി.കെ.വൈ പ്രോജക്ട്




ഗ്രാമീണ മേഖലയിലെ യുവതി യുവാക്കൾക്ക് തൊഴിൽ പരിശീലനത്തിനോടൊപ്പം തൊഴിലും നൽകുന്നതിനായി കേന്ദ്രസർക്കാർ 2014 സെപ്തം ബർ 25 ന് ആരംഭിച്ച പദ്ധതിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന. ഇന്ത്യയിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലുള്ള യുവജനങ്ങളുടെ ജീവിതനി ലവാരം മെച്ചപ്പെടുത്തുവാൻ ഈ പദ്ധതി ലക്ഷ്യ മിടുന്നു.

**പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

- ഗ്രാമീണ മേഖലയിലെ 18 – 35 നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾ
- Minorirty/ SC/ ST വിഭാഗത്തിലുള്ളവർ
- റേഷൻ കാർഡ് BPL ആയിരിക്കണം. അല്ലാത്തപക്ഷം MGNREGA / SHG / RSBY ഇവയിൽ ഏതെങ്കിലും ഒന്നിൽ അംഗത്വം ഉണ്ടായിരിക്കണം.
- SSLC പാസായിരിക്കണം

**ഈ പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ**

- ദിവസം 125 രൂപ സ്റ്റൈപന്റായി നൽകുന്നു
- പഠനം പൂർത്തീകരിച്ച് പരീക്ഷ പാസാകുന്നവർ ക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകൃത NCVT / SSC സർട്ടിഫിക്കറ്റ്.
- സൗജന്യ യൂണിഫോം, ബാഗ് മറ്റു പഠനോപകരണങ്ങൾ നൽകുന്നു.
- വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും തൊഴിൽ ഉറപ്പാക്കുന്നു.

മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് ഈ പദ്ധതിയുടെ തുടക്കത്തിൽ തന്നെ അതിന്റെ ഭാഗമാകുവാൻ സാധിച്ചു. കമ്പ്യൂട്ടർ / ഇംഗ്ലീഷ് അധിഷ്ഠിത കോഴ്സുകൾ ടാലി, കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ്, ഇലക്ട്രിക്കൽ, പബ്ലിംഗ് എന്നിവയ്ക്ക് പരിശീലനം നൽകി. എം.എസ്സ്.എസ്സ്.എസ്സ് ൽ ഈ പദ്ധതിയുടെ 1 ഉം 4 ഉം ഘട്ടമാണ് നടത്തിയത്. ആദ്യ ഘട്ടം 1174 കുട്ടികൾക്ക് പരിശീലനം നൽകി. 992 കുട്ടികൾക്ക് അപ്പോയിന്റ്മെന്റും, അതിൽ 912 കുട്ടികൾക്ക് പ്ലെയ്സ്മെന്റും നൽകുവാൻ സാധിച്ചു. ഇപ്പോൾ ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ 4–ാം ഘട്ടമാണ് നടക്കുന്നത്. 593 കുട്ടികൾക്ക് പരിശീലനം നൽകി 552 പേർക്ക് അപ്പോയിന്റമെന്റ് നൽകി. അതിൽ 402 കുട്ടികൾ പ്ലെയ്സ്മെന്റും പൂർത്തിയാക്കി.

# യുവകേരളം പ്രോജക്ട്

പ്രളയാനന്തര കേരളത്തിന്റെ പുനർനിർമാണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന 2020 ൽ നടപ്പിലാക്കിയ പദ്ധതിയാണ് യുവകേരളം. ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ അതേ ആനുകൂല്യങ്ങളും മാനദണ്ഡങ്ങളുമാണ് യുവകേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതിയിൽ മുൻസിപാലിറ്റി ഗ്രാമീണ നഗര പദ്ധതിയിലെ യുവതീയുവാക്കൾക്ക് ഭാഗമാകുവാൻ സാധിച്ചു. മാത്രമല്ല ഇതിൽ എല്ലാ വിഭാഗത്തിലെ കുട്ടികളെയും ഉൾപ്പെടുത്തി.

Kudumbashree
Government of Kerala
Yuva Keralam
A KUDUMBASHREE SKILLING INITIATIVE

യുവകേരളം പദ്ധതിയിൽ എം.എസ്സ്.എസ്സ്.എസ്സ് ന് നൽകിയ Target 280 ആണ്. കമ്പ്യൂട്ടർ അധിഷ്ഠിത ഡേറ്റാ എൻട്രി ഓപ്പറേറ്റർ കോഴ്സ് ആണ് പരിശീലനം നൽകുന്നത്.

# ഫെഡറൽ ആശ്വാസ് സാമ്പത്തിക സാക്ഷരത വായ്പ ഉപദേശകകേന്ദ്രം

ഫെഡറൽ ആശ്വാസ് സാമ്പത്തിക സാക്ഷരത, കൗൺസിലിങ് സെന്റർ, കാട്ടാക്കട, ഫെഡറൽ ബാങ്കിന്റെ സ്പോൺസർഷിപ്പിൽ, റിസേർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു. സാധാരണക്കാരായ ജനങ്ങളെ ധനകാര്യ ഇടപാടുകളിൽ വേണ്ടത്ര അവബോധം നൽകി ബാങ്കിടപാടുകൾ ഉത്തരവാദിത്വത്തോടെ സുരക്ഷിതമായി നിർവഹിക്കുവാൻ പ്രാപ്തരാക്കുന്നതോടൊപ്പം ജനങ്ങളിൽ സേവിങ്സ് മനോഭാവം വളർത്തുന്നതിനും വേണ്ട അവബോധം പകർന്നു നൽകുന്നതിനും ഈ കേന്ദ്രം സൗജന്യ സേവനങ്ങൾ നൽകി വരുന്നു. വായ്പകൾ എടുക്കുന്നതിനു മുൻപുള്ള പ്രീക്രെഡിറ്റ് കൗൺസിലിംങും, അതിനുശേഷം ആവശ്യമായ പോസ്റ്റക്രെഡിറ്റ് കൗൺസിലിഗുകളും നൽകി വരുന്നു. റിസേർവ് ബാങ്കും, മറ്റു വാണിജ്യ ബാങ്കുകളുടെയും നൂതന പദ്ധതികൾ, കാലാകാലങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കുകയും, ബാങ്കിംഗ് കാര്യങ്ങൾ സുരക്ഷിതമായി നിറവേറ്റുന്നതിനും, എല്ലാ വിഭാഗം ജനങ്ങളെയും റിസേർവ് ബാങ്കിന്റെ ധനകാര്യ വ്യവകാര്യങ്ങളിൽ ഉൾപ്പെടുത്തുന്നതിനും (ഫിനാൻഷ്യൽ ഇൻക്ലൂഷൻ) ഓരോ ബ്ലോക്ക് തലത്തിലും ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

വെള്ളനാട് ബ്ലോക്കിന്റെ കീഴിൽ, കാട്ടാക്കട മലങ്കര കത്തോലിക്കാ പള്ളിയുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫെഡറൽ ആശ്വാസ് സാമ്പത്തിക സാക്ഷരത സെന്റർ, മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഒരു അഭിമാന പ്രോജക്റ്റ് ആയി തെരഞ്ഞെടുത്തിട്ടുള്ളതാണ്. ഫെഡറൽ ബാങ്കിൽ നിന്നും ഏറെ കാലത്തെ സേവനത്തിനു ശേഷം വിരമിച്ച ശ്രീ. മാത്യു ഐസക്, സാമ്പത്തിക സാക്ഷരത കൗൺസിലർ ആയി സേവനം നൽകിവരുന്നു. നൂതന ഡിജിറ്റൽ ബാങ്കിംഗ് സംമ്പ്രദായങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിലും, സിബിൽ സ്കോർ മെച്ചപ്പെടുത്തുന്നതിനും, NPA എന്ന (കിട്ടാകടം) മഹാവിപത്തിൽ ഉൾപ്പെടാതെ സുരക്ഷിതരാകുവാനും, ജനങ്ങളെ പ്രാപ്തരക്കുന്നു. കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ വിവിധ ക്ഷേമ പെൻഷനുകളെ കുറിച്ചും, വിവിധ ഇൻഷുറൻസ് പദ്ധതികളെക്കുറിച്ചും സാധാരണക്കാർക്ക് അറിവും, പ്രോത്സാഹനങ്ങളും നൽകി വരുന്നു. കർഷകരെയും, തൊഴിലാളികളെയും, വ്യാപാരികളെയും, വിദ്യാർത്ഥികളെയും, സംരംഭകരെയും ബാങ്കുകളുമായി അടുപ്പിക്കുന്ന കണ്ണികളായി സാമ്പത്തിക സാക്ഷരതാ കൗൺസിലർമാർ പ്രവർത്തിച്ചു വരുന്നു. ഈ സൗജന്യ സേവനങ്ങൾ എല്ലാവിഭാഗം ജനങ്ങളും പ്രയോജനപ്പെടുത്തുമല്ലോ. ബാങ്കിടപാടുകാർക്കുള്ള അവകാശങ്ങളെക്കുറിച്ചും (കസ്റ്റമർ റൈറ്റ്സ്) ബോധവാന്മാരായിരിക്കുക.



# സ്പർശ് പ്രോജക്ട്

CELEBRATING 25 YEARS 1997 2022 sense International INDIA Working with people with deafblindness & multiple disabilities

ബധിരാന്ധത ഉള്ളവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പ്രോജക്ടാണ് സ്പർശ്. അങ്ങനെയുള്ള കുട്ടികൾക്കും മുതിർന്നവർക്കും സമൂഹത്തിൽ സജീവമായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു ലോകം രൂപപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 2017 ഫെബ്രുവരി മുതൽ എം എസ് എസ് എസ് ഈ പ്രോജക്റ്റിന്റെ ഭാഗമാണ്. ഈ പ്രോജക്ടിന് ആവശ്യമായ സഹായം നൽകുന്നത് സെൻസ് ഇന്റർനാഷണൽ ഇന്ത്യ ആണ്. ഈ പ്രോജക്റ്റ് നടത്തിപ്പിനാവശ്യമായ പണം നൽകുന്നത് അസീം പ്രേംജി ഫൗണ്ടേഷൻ ആണ്. കന്യാകുമാരി, തിരുവനന്തപുരം സെന്ററുകളിലായി 15 സ്റ്റാഫ് അംഗങ്ങൾ സജീവമായി പ്രവർത്തിച്ച വരുന്നു.

ബധിരാന്ധത ഉള്ള കുട്ടികളെ കണ്ടെത്തി അവർക്ക് വിദ്യാഭ്യാസം, വൈദ്യസഹായം, പോഷക ആഹാരം, ബധിരാന്ധത സഹായ ഉപകരണങ്ങൾ എന്നിവയ്ക്ക് വേണ്ടുന്ന സഹായങ്ങൾ ഈ പ്രോജക്ടിലൂടെ ചെയ്തുവരുന്നു. ഇപ്പോൾ തിരുവനന്തപുരത്തു നിന്നും 64 കുട്ടികളും കന്യാകുമാരിയിൽ നിന്നും 57 കുട്ടികൾക്കും ഈ പദ്ധതിയിലൂടെ സേവനം നൽകുന്നു. പ്രോജക്ടിൽ ആകെ ഇപ്പോൾ 121 പേരെയാണ് സഹായിക്കുന്നത്.


















**SAVE A FAMILY PLAN**

IN INDIA SINCE 1965

# സേവ് ഏ ഫാമിലി പ്ലാൻ ഇന്ത്യാ പ്രോജക്ട്

1964–ൽ ബോംബെയിൽ നടന്ന അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസിൽ പരിശുദ്ധ പിതാവ്, പോൾ ആറാമൻ മാർപാപ്പ ലോകത്തോട് നടത്തിയ ആഹ്വാനം ഉൾക്കൊണ്ട് എറണാകുളം– അങ്കമാലി അതിരൂപതാംഗമായ മോൺസിഞ്ഞോർ അഗസ്റ്റിൻ കണ്ടത്തിൽ ആരംഭം കുറിച്ചതാണ് സേവ് എ ഫാമിലി പ്ലാൻ. ദാരിദ്ര്യനിർമ്മാർജ്ജനവും സമൂഹത്തി ലെ ഒറ്റപ്പെട്ട ദുർബ്ബല വിഭാഗങ്ങളുടെ ശാക്തീകരണവുമാണ് പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം. കാനഡയിലെ സെന്റ് തോമസ് യൂണിവേഴ്സിറ്റി യിൽ രസതന്ത്രാദ്ധ്യാപകനായിരുന്ന അദ്ദേഹത്തോടു കൂടി ഏതാനും സഹപ്രവർത്തകരും വിദ്യാർത്ഥികളും പ്രസ്ഥാനത്ത വളർത്തി. കാനഡ, അമേരിക്ക എന്നിവിടങ്ങളിലുള്ള ഉദാരമനസ്കരായ വ്യക്തികളും, കുടുംബങ്ങളും, പ്രസ്ഥാനങ്ങളും അവരുടെ അനുദിന ചെലവുകൾ ചുരുക്കി മിച്ചം വയ്ക്കുന്ന തുക ഇന്ത്യയിൽ ദുരിതമനുഭവിക്കുന്ന കുടുംബങ്ങളുടെയും വ്യക്തികളുടെയും സമഗ്രവികസനത്തിനായി പങ്കുവെക്കുന്നു.

ജാതിമതഭേദമന്യേ പ്രകടമായ ദാരിദ്ര്യത്താൽ ജീവിതഗതി തടയപ്പെട്ട, നിർദ്ധനതയും നിരാശ്രയത്വവും അനുഭവിക്കുന്ന കുടുംബങ്ങളെ, സ്വന്തം അദ്ധ്വാനത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്ന ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാം ആയിട്ടാണ് സേവ് എ ഫാമിലി പ്ലാൻ വളർന്നു വന്നത്. സമൂഹത്തിൽ നിർദ്ധനരും, നിരാശയരുമായി കഷ്ടപ്പെടുന്ന കുടുംബങ്ങളെ സ്വയം പര്യാപ്തമാക്കാൻ പ്രാപ്തരാക്കുന്ന വികസനമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ജീവിതത്തിന് പുതിയ പ്രതീക്ഷയും പ്രതിഛായയും നൽകുക, പദ്ധതിയിൽ അംഗങ്ങളാകുന്ന കുടുംബങ്ങളുടെ സംഘാടനവും നേതൃശേഷിയും കൂട്ടായ ചിന്താശേഷിയും വർദ്ധിപ്പിക്കുക, സ്വാശ്രയത്വം കൈവരിക്കുന്നതിനുതകുന്ന കഴിവുകളുടെ വികസനം, വികസനോന്മുഖ മാനുഷിക മൂല്യങ്ങളുടെ പരിപോഷണം എന്നിവ പദ്ധതിയുടെ ഉപലക്ഷ്യങ്ങളാണ്.












# സ്നേഹവിരുന്ന്


**സ്നേഹത്തിൽ ഒന്നിപ്പിക്കാൻ സ്നേഹവിരുന്ന്**
**അഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ ഷഷ്ഠിപൂർത്തി സ്മാരക സൗജന്യ ഉച്ചഭക്ഷണ പദ്ധതി.**



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനും തിരുവനന്തപുരം മേജർ അതിഭദ്രാസനാധ്യക്ഷനുമായ അഭിവന്ദ്യ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവയുടെ ഷഷ്ഠിപൂർത്തിയോടനുബന്ധിച്ച് 2019 ജൂൺ 15 മുതൽ സെന്റ് മേരീസ് കത്തീഡ്രൽ ക്യാമ്പസിൽ ആരംഭിച്ച സൗജന്യ ഉച്ചഭക്ഷണ പദ്ധതിയാണ് സ്നേഹവിരുന്ന്. ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും ഉച്ചയ്ക്ക് 12.30 മുതൽ 2 മണി വരെ ജാതിമതഭേദമന്യേ ഏവർക്കും ഈ ഉച്ചഭക്ഷണ പദ്ധതി ക്രമീകരിച്ചിരിക്കുന്നു. വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ, ഇടവക സന്നദ്ധ സംഘടനകൾ എന്നിവ നൽകുന്ന സംഭാവനയാണ് ഈ ജീവകാരുണ്യ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ്. ഈ പദ്ധതിയിലൂടെ അനേകായിരങ്ങളുടെ വിശപ്പടക്കാൻ സാധിച്ചു.

# സ്നേഹസുരക്ഷ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനും തിരുവനന്തപുരം മേജർ അതിഭദ്രാസനാധ്യക്ഷനുമായ അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവയുടെ ഷഷ്ഠിപൂർത്തിയോടനുബന്ധിച്ച് 2019 ജൂൺ 15 മുതൽ സെന്റ് മേരീസ് കത്തീഡ്രലിൽ ആരംഭിച്ച പദ്ധതിയാണ് സ്നേഹ സുരക്ഷ. സാമ്പത്തികമായി ദരിദ്രരും സാമൂഹികമായി ഒറ്റപ്പെട്ടവരുമായ വിധവകൾക്കായി എം എസ് എസ് എസ് സ്നേഹ സുരക്ഷാ നടപ്പിലാക്കി വരുന്നു.




വിധവകളുടെ നേതൃത്വത്തിലുള്ള കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും മനശാസ്ത്ര പരവുമായ മേഖലകൾ മെച്ചപ്പെടുത്തി അവരുടെ സമഗ്രവും സുസ്ഥിരവുമായ വികസനം ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഓരോ ഗുണഭോക്തൃ കുടുംബത്തിനും പ്രതിമാസം 1000/ രൂപ നിരക്കിൽ അഭ്യുദയ കാംക്ഷികളിൽ നിന്നുള്ള അഞ്ചുവർഷത്തെ സ്പോൺസർഷിപ്പിൽ സമാഹരിക്കുന്നു. വിദ്യാർത്ഥികളായ മക്കളുള്ള കുടുംബങ്ങൾക്കാണ് ഇത്തരത്തിൽ മുൻഗണന നൽകുന്നത്.

# ആശാകിരണം ക്യാമ്പയ്ൻ








കാരിത്താസ് ഇന്ത്യയും എം.എസ്സ്.എസ്സ്.എസ്സും സംയുക്തമായി ക്യാൻസർ രോഗത്തിനെതിരെ നടത്തുന്ന ക്യാമ്പയ്ൻ ആണ് ആശാകിരണം.

# ചാരീസ് മൈഗ്രേഷൻ പ്രോജക്ട്











അതിഥി തൊഴിലാളികൾക്ക് വേണ്ടി കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ എം.എസ്സ്.എസ്സ്.എസ്സ് നടത്തുന്ന പദ്ധതിയാണ് ചാരീസ് മൈഗ്രേഷൻ പ്രോഗ്രാം. ഈ പദ്ധതിയിലൂടെ അതിഥി തൊഴിലാളികൾക്കായി ബോധവൽക്കരണ ക്ലാസുകളും, മെഡിക്കൽ ക്യാമ്പുകളും ഇൻഷുറൻസ് സപ്പോർട്ടും, കോവിഡ് വാക്സിനേഷനും നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിലൂടെ ഇതിനോടകം 800 ൽ ഏറെ അതിഥി തൊഴിലാളികളിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടുണ്ട്.

Malankara Social Service Society

Malankara Social Service Society (MSSS),
Srothas,
St. Mary's Campus, Pattom P.O
Trivandrum – 695004
Kerala, India
Mob: +91 7012017473
Email: info@msss.org
Website: www.msss.org

FOLLOW US
mssstvm
mssstvm
mssstvm
mssstvm

www.msss.org